**Admission to Professional Diploma courses in Pharmacy, Health Inspector and other Paramedical streams-2017**

# കോളേജ്/കോഴ്സ് ഓപ്ഷൻ നൽകേണ്ട വിധം

1. അപേക്ഷകന്റെ ഹോം പേജിൽ College/Course option Registration എന്ന ലിങ്കിൽ click ചെയ്താൽ option Registration ചെയ്യുന്നതിനുള്ള സ്ക്രീൻ ലഭ്യമാകും.
2. അലോട്ട്മെന്റിൽ ഉൾപ്പെടുന്ന സ്ഥാപനത്തിന്റെ പേര്, കോഴ്സ്, ഫീസ് ഇവ കോളം തിരിച്ച് നൽകിയിട്ടുള്ളതിൽ വലതുഭാഗത്തു കാണുന്ന option എന്ന കോളത്തിൽ ഏറ്റവും മുൻഗണന നൽകുന്ന കോളേജിന് നേരേയുള്ള കോളത്തിൽ '1' എന്നും അടുത്തതിന് '2' എന്ന ക്രമത്തിൽ ഓപ്ഷനുകൾ രേഖപ്പെടുത്തുക. 'Next Option' എന്ന ബട്ടൻ click ചെയ്തും ഓപ്ഷൻ രേഖപ്പെടുത്താവുന്നതാണ്.
3. എല്ലാ ഓപ്ഷനുകളും നൽകി കഴിയുമ്പോൾ 'SAVE' എന്ന ബട്ടൻ click ചെയ്യുക. അപ്പോൾ അപേക്ഷാർത്ഥി നൽകിയ ഓപ്ഷനുകൾ എല്ലാം മുൻഗണനാക്രമത്തിൽ താഴെ കാണിക്കുന്നതാണ്.
4. ഓപ്ഷൻ നമ്പർ നൽകിയതിനുശേഷം മുൻഗണനാക്രമത്തിൽ മാറ്റം ആവശ്യമുള്ള പക്ഷം option കോളത്തിൽ വീണ്ടും പുതിയ ക്രമനമ്പർ നൽകിയശേഷം 'SAVE' എന്ന ബട്ടൻ click ചെയ്താൽ ഓപ്ഷനുകൾ പുതിയ ഓർഡറിൽ താഴെ കാണിക്കുന്നതാണ്.
5. ഓപ്ഷൻ രേഖപ്പെടുത്തി സേവ് ചെയ്തുകഴിഞ്ഞ് ഒരു കോളേജ് ഓപ്ഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് കോളേജിന് നേരേയുള്ള കോളത്തിൽ '0' എന്നു ടൈപ്പ് ചെയ്യുക അല്ലെങ്കിൽ 'REMOVE' എന്ന ബട്ടൻ click ചെയ്ത് 'SAVE' എന്ന ബട്ടൻ click ചെയ്താലും മതിയാകും.
6. അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം എല്ലാ കോളേജുകളും ഓപ്ഷനായി നൽകാവുന്നതാണ്. എന്നാൽ ലിസ്റ്റിൽ കൊടുത്തിട്ടുള്ള എല്ലാ കോളേജുകളും ഓപ്ഷൻ കൊടുക്കണം എന്ന് പ്രത്യേക നിബന്ധനകൾ ഇല്ല.
7. വെബ്സൈറ്റിൽ College List എന്ന ലിങ്കിൽ എല്ലാ കോളേജുകളുടെയും സ്ഥലം, ഫീസ്, കോഴ്സുകൾ, സീറ്റുകളുടെ എണ്ണം എന്നീ വിവരങ്ങൾ വിശദമായി കൊടുത്തിട്ടുണ്ട്. അപേക്ഷകർ ഓപ്ഷനുകൾ രേഖപ്പെടുത്തും മുൻപ് ഇവ പരിശോധിക്കുക. ഓപ്ഷൻ കൊടുത്ത കോളേജിൽ അലോട്ട്മെന്റ് ലഭിച്ചാൽ അഡ്മിഷൻ എടുക്കേണ്ടതാണ്. ആയതിനാൽ അപേക്ഷകർ അതീവ ശ്രദ്ധയോടെ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.
8. അപേക്ഷകർ സമർപ്പിച്ച ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നത് 2017 വർഷത്തെ പ്രോസ്പെക്ടസ്സിൽ 6.2 വിഭാഗത്തിൽ പ്രസ്താവിച്ചിട്ടുള്ള അക്കാദമിക് യോഗ്യതയെ അടിസ്ഥാനമാക്കിയിട്ടാണ്.